പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 137 | 12-10-2026-ൽ മറുപടിയ്ക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി പ്രവർത്തനങ്ങൾ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. വി. കെ. സനോജ്

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. വി. സുമേഷ്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണ്; ആരംഭിച്ച നാൾ മുതൽ 2026 മേയ് വരെ തുറമുഖ നിർമ്മാണത്തിൽ കൈവരിച്ച പുരോഗതി വ്യക്തമാക്കാമോ;

<u>**മറുപടി:**</u> വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 05.12.2015-ൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും, പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 03.12.2024 മുതൽ തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

23.02.2024-ൽ ഒപ്പുവച്ച Settlement Agreement-ന്റെയും 28.11.2024-ൽ ഒപ്പുവച്ച Supplementary Concession Agreement-ന്റെയും അടിസ്ഥാനത്തിൽ, പദ്ധതിയുടെ II, III, IV ഘട്ടങ്ങളിലായി വിഭാവനം ചെയ്തിട്ടുള്ള ശേഷി വർദ്ധനാ പ്രവർത്തനങ്ങൾ കൺസഷനയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) 31.12.2028-നകം പൂർത്തീകരിക്കേണ്ടതാണ്. ശേഷി വർദ്ധനാ വികസന പ്രവർത്തനങ്ങൾക്ക് 10.03.2025-ൽ പരിസ്ഥിതി അനുമതി (EC & CRZ Clearance) ലഭിച്ചു. തുടർന്ന്, നിർമ്മാണ പ്രവർത്തനങ്ങൾ 2025 സെപ്റ്റംബറിൽ ആരംഭിച്ചു. നിലവിൽ പുലിമുട്ട് ദീർഘിപ്പിക്കൽ, ഡ്രെഡ്ജിംഗ് & റിക്ലമേഷൻ, കണ്ടെയ്നർ ബെർത്ത് നിർമ്മാണം തുടങ്ങിയ പ്രധാന പ്രവൃത്തികൾ സമാന്തരമായി പുരോഗമിച്ചുവരുന്നു. 2026 ആഗസ്റ്റ് വരെ ശേഷി വർദ്ധനാ പ്രവർത്തനങ്ങളിൽ ആകെ 12.4 ശതമാനം ഭൗതിക പുരോഗതി കൈവരിച്ചിട്ടുണ്ട്.

**(ബി)** സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ വിഴിഞ്ഞം തുറമുഖ കമ്പനിയിലെ ഓഹരി വിൽപ്പന നടത്താൻ അദാനി ഗ്രൂപ്പ് നീക്കം നടത്തിയിരുന്നോ; വിശദമാക്കാമോ;

<u>**മറുപടി:**</u> ഇല്ല. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ വികസനത്തിനും പ്രവർത്തനത്തിനുമായി കൺസഷൻ ലഭിച്ചിട്ടുള്ള Adani Vizhinjam Port Private Limited (AVPPL), കമ്പനിയിലെ നിലവിലുള്ള 49% ഓഹരി പങ്കാളിത്തം കൈമാറ്റം ചെയ്യുന്നതിനുള്ള അപേക്ഷ കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, കൺസഷനിംഗ് അതോറിറ്റിയായ കേരള സർക്കാരിന്റെ മുൻകൂർ അനുമതിക്കായി സമർപ്പിച്ചിട്ടുള്ളതാണ്. കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം, കൺസഷനറിലെ ഓഹരി കൈമാറ്റം മുഖേന ഉടമസ്ഥതയിൽ (Change in Ownership) മാറ്റം

വരുത്തുന്നത് കൺസഷനിംഗ് അതോറിറ്റിയുടെ മുൻകൂർ അനുമതിക്ക് വിധേയമാണ്. ഇതനുസരിച്ചാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഓഹരി കൈമാറ്റത്തിന് മുൻകൂർ അനുമതി ലഭിക്കുന്നതിനായി AVPPL സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

**(സി)** ഓഹരി വിൽപ്പന പരിശോധിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** കൺസഷൻ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരം, കൺസഷനറിലെ ഓഹരി കൈമാറ്റം മുഖേന ഉടമസ്ഥാവകാശത്തിൽ (Change in Ownership) മാറ്റം വരുത്തുന്നത് കൺസഷനിംഗ് അതോറിറ്റിയുടെ മുൻകൂർ അനുമതിക്ക് വിധേയമാണ്. ഇതനുസരിച്ച്, AVPPL സമർപ്പിച്ചിട്ടുള്ള ഓഹരി കൈമാറ്റ നിർദ്ദേശവും ഇതുമായി ബന്ധപ്പെട്ട വിവരങ്ങളും, കൺസഷൻ എഗ്രിമെന്റിന്റെ പരിധിയിൽ വരുന്ന മറ്റ് പ്രസക്തമായ വിഷയങ്ങളും ചീഫ് സെക്രട്ടറി അധ്യക്ഷനായി രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റി പരിശോധിച്ചു വരുന്നു.

പ്രസ്തുത കമ്മിറ്റി സമഗ്രമായി പരിശോധിച്ച്, സമർപ്പിക്കുന്ന ശുപാർശകളുടെയും റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ഡി)** സർക്കാർ അനുമതിയില്ലാതെ ഓഹരി വിൽപ്പന നടത്തുന്നത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**